കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൊറയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം.22/50/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: 28-01-2019

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൊറയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

mac.2/19

നം. കെ.എസ്.എ.എം.പി.എം.22/50/2019 തിയ്യതി:28-01-2019

<u>മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

## ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.03.2017 മുതൽ 22.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-12-2018 മുതൽ 07-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അബ്ദുൾ സത്താർ സി പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസൈൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്‌റഫ് കെ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ.എം സലീം മാസ്റ്റർ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ഷുഹൂദ് പി പി | 01.04.2017 മുതൽ 19.01.2018 വരെ |
| ശ്രീമതി. ഷീജാ ബീവി പി.എച്ച് (അധിക ചുമതല) | 20.01.2018 മുതൽ 28.01.2018 വരെ,<br>05.02.2018 മുതൽ 16.02.2018 വരെ |
| ശ്രീ. മുരളീധരൻ. പി (അധിക ചുമതല) | 29.01.2018 മുതൽ 04.02.2018 വരെ |
| ശ്രീ. ഗോപാലകൃഷ്ണൻ. കെ | 17.02.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ഷുഹൂദ് പി പി | 01.04.2017 മുതൽ 19.01.2018 വരെ |
| | ശ്രീമതി. ഷീജാ ബീവി പി.എച്ച് (അധിക ചുമതല) | 20.01.2018 മുതൽ 28.01.2018 വരെ,<br>05.02.2018 മുതൽ 16.02.2018 വരെ |
| | ശ്രീ. മുരളീധരൻ. പി (അധിക ചുമതല) | 29.01.2018 മുതൽ 04.02.2018 വരെ |
| | ശ്രീ. ഗോപാലകൃഷ്ണൻ. കെ | 17.02.2018 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ഷീജാ ബീവി പി.എച്ച് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ദേവിക. സി. പി (താൽക്കാലികം) | 01.04.2017 മുതൽ 30.07.2017 വരെ |
| | ശ്രീമതി രിസ്‌വാന. പി | 31.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. നവീൻ എൻ | 01.04.2017 മുതൽ 03.06.2017 വരെ |
| | ഡോ. ബിന്ദു ബാലകൃഷ്ണൻ | 04.06.2017 മുതൽ 24.07.2017 വരെ |
| | ഡോ. വിനു എം നമ്പൂതിരി | 25.07.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദുറഹിമാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജസീല എൻ വലിയകത്ത് | 01.04.2017 മുതൽ 31.05.2017 വരെ |
| | ഡോ.ഗഫൂർ. കെ | 01.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സയ്യിദ് നസീറുല്ല | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷർജാൻ അഹമ്മദ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രമണി. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജൈസൽബാബു. എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ* | ശ്രീ. അബ്ദുൽ റവൂഫ്. വി. ടി | 01.04.2017 മുതൽ 06.12.2017 വരെ |
| | ശ്രീമതി. മീനാക്ഷി ടി | 26.07.2017 മുതൽ 31.03.2018 വരെ |

(*കുറിപ്പ് : 26.07.17 മുതൽ 06.12.17 വരെ എസ്.സി. വിഭാഗത്തിനുള്ള പദ്ധതികളുടെ നിർവ്വഹണ ചുമതല ശ്രീമതി. മീനാക്ഷി ടി-ക്കും മറ്റ് പദ്ധതികളുടെ നിർവ്വഹണ ചുമതല ശ്രീ. അബ്ദുൽ റവൂഫ്. വി. ടി-ക്കും ആയിരുന്നു)

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നു | 2-1 | |
| 14 | കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നു | 2-2 | |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹോട്ടൽ കെട്ടിടം - നമ്പർ നൽകിയതിനു ശേഷം നിർമ്മാണത്തിൽ മാറ്റം വരുത്തി | 2-3 | |
| 16 | ക്വാറികൾക്കുള്ള ലൈസൻസ് - അപാകതകൾ | 2-4 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 17 | റൂഫിങ്ങ് ഷീറ്റ് അധിക നിരക്ക് അനുവദിച്ചു. | 3-1 | |
| 18 | മൊറയൂർ പി.എച്ച്.സി പുരോഗമന പ്രവൃത്തി.ഷീറ്റിന്റെ കനം രേഖപ്പെടുത്തിയിട്ടില്ല. | 3-2 | |
| 19 | കൺവീനർ വർക്കുകളിൽ അപാകത | 3-3 | |
| 20 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം | 3-4 | |
| 21 | മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. | 3-5 | |
| 22 | വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ | 3-6 | |
| 23 | സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല. | 3-7 | |
| 24 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല. | 3-8 | |
| 25 | ധനകാര്യ സ്ഥിരം സമിതി- ഒരു വിലയിരുത്തൽ | 3-9 | |
| 26 | അഗതി രഹിത ഗ്രാമം. പ്രോജക്ട് അന്തിമ ഘട്ടത്തിൽ | 3-10 | |
| 27 | വി.ഇ.ഒ .പ്രോജക്ട് നിർവഹണത്തിൽ അനാസ്ഥ | 3-11 | |
| 28 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസമുണ്ടായി | 3-12 | |
| 29 | ശമ്പള പരിഷ്കരണ കുടിശ്ശികക്കാനുപാതികമായി പെൻഷൻ അംശദാനം അടവാക്കിയില്ല | 3-13 | |
| 30 | തുല്യത പരീക്ഷ ഫീസ് അടവാക്കൽ- കൈപ്പറ്റ് രസീത് ലഭ്യമല്ല | 3-14 | |
| 31 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകൽ- പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-15 | |
| 32 | അംഗനവാടി പോഷകാഹാരം പദ്ധതി - അപാകതകൾ | 3-16 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| 46 | ബാലൻസ് ഷീറ്റ് | 4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24-03-17തീയതിയിലെ 1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-18 | 07-05-18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-18 &21-06-18 | കെ.എസ്.എ.എം.പി.എം 22/1158/2018<br>തീയതി:04-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25781481 |
| വരവ് | 62976169 |
| ആകെ | 88757650 |
| ചെലവ് | 56096381 |
| നീക്കിയിരിപ്പ് | 32661269 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15016000 | 15016000 | 13039761 | 1976239 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4750098 | 4750098 | 4750098 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 32986 | 32986 | 4030 | 28956 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7830800 | 7830833 | 4875333 | 2955467 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4326928 | 4326928 | 3406805 | 920123 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7238660 | 7238660 | 7168435 | 70225 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 760576 | 760576 | 752401 | 8175 |
| സാക്ഷരത | | 964 | 0 | 964 | 0 | 964 |
| ആരോഗ്യ ഇൻഷൂറൻസ് | | 7645 | 309 | 7954 | 0 | 7954 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 4497448 | 4497448 | 4497448 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 50836 | 518421 | 569257 | 513620 | 55637 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| NMBS | | 3850 | 63 | 3913 | 0 | 3913 |
| SSA | | 122205 | 5680 | 127885 | 354 | 127531 |
| TSC | | 89291 | 1029480 | 1118771 | 139266 | 979505 |
| ICDS | | 880603 | 1349013 | 2229616 | 1218186 | 1011430 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 258750 | 258750 | 258750 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 442250 | 442250 | 410736 | 31514 |
| ബി ഫണ്ട് | | 0 | 38861180 | 38861180 | 38861180 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 460 | 10756674 | 10757134 | 5340707 | 5416427 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10649358 | 13781823 | 24431181 | 8763331 | 15667850 |
| | ട്രഷറി അക്കൗണ്ട് | 11867446 | 10757134 | 22624580 | 9407784 | 13216796 |
| മറ്റിനം | | | | | | |
| ജലനിധി | | 500 | 0 | 500 | 0 | 500 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 262 | 71956304 | 193 | 42483850 | 48 | 21 | 73.66% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 50836 | 518421 | 569257 | 513620 | 55637 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4497448 | 4497448 | 4497448 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119880 | 258 |
| കർഷകതൊഴിലാളി പെൻഷൻ | 4579700 | 410 |
| വിധവാപെൻഷൻ | 14360000 | 1229 |
| വാർദ്ധക്യകാലപെൻഷൻ | 14291400 | 1166 |
| വികലാംഗപെൻഷൻ | 4673800 | 415 |
| വിവാഹധനസഹായം | 600000 | 20 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള ധന സഹായം | 216400 | 18 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-18 -ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3561/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1-പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുകയും വാർഷികമായി ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഒരേ ഇനത്തിലുള്ള സാധനങ്ങൾക്ക് ഒരുമിച്ച് വാങ്ങൽ നടത്തുകയും ചെയ്യേണ്ടതാണ് .
2- മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്ററിൽ ജീവനക്കാരുടെ മേൽവിലാസം,ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3.മോണിട്ടറിങ് സമിതികൾ പ്രൊജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിങ് റിപ്പോർട്ട് നൽകുന്നില്ല.
4- ഗ്രാമ പഞ്ചായത്തിലെ അടിസ്ഥാന സൗകര്യം വളരെ പരിമിതമാണ്. കൃഷിഭവൻ, വെറ്ററിനറി, വി.ഇ.ഒ, ഐ.സി.ഡി.എസ് എന്നീ ഓഫീസുകൾ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിനുള്ളിൽ തന്നെ പ്രവർത്തിക്കുന്നതിനാൽ സ്ഥലപരിമിതി കാരണം പഞ്ചായത്ത് ജീവനക്കാരും ജന പ്രതിനിധികളും വീർപ്പ് മുട്ടുകയാണ്.അരണ്ട വെളിച്ചമുള്ള ഇടുങ്ങിയ മുറികളിലാണ് ജീവനക്കാരുടെ ഇരിപ്പിടം. പൊതുജനങ്ങൾക്കും ഇരിപ്പിട സൗകര്യം ഇല്ല.
5.ഫ്രണ്ട് ഓഫീസ് സംവിധനം സംബന്ധിച്ച് മോണിട്ടറിങ് കാര്യക്ഷമമല്ല. പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനം സംബന്ധിച്ച് പരിശോധന നടത്തുന്നതിന്ന് സെക്ഷനുകൾ പി.ആർ എഴുതി സെക്രട്ടറി പ്രതിമാസ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-11-18 | 01-10-18 മുതൽ 31-10-18 വരെ | 29-11-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-03-2008 | 2002-03 മുതൽ 2005-06 വരെ | 11-12-2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട, താഴെ പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1- വാർഷികക്കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ്

നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2-വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന വസ്തു നികുതി ഡിമാന്റ്, അരിയർ

ഡിമാന്റ്, കളക്ഷൻ തുടങ്ങിയവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ് പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| കറന്റ് ഡിമാന്റ് | 4341552 | 4588381 | (-)246829 |
| കറന്റ് കളക്ഷൻ | 4209604 | 4409423 | (-)199819 |
| അരിയർ ഡിമാന്റ് | 3329370 | 3831321 | (-)501951 |
| അരിയർ കളക്ഷൻ | 3430379 | 3585598 | (-)155219 |

3-ആസ്തി രജിസ്റ്ററിൽ ഡിപ്രീഷിയേഷൻ ചേർത്ത് കാലികമാക്കിയിട്ടില്ല.

4-താഴെ പറയുന്ന ഡി.സി.ബി ഇനങ്ങളിലെ വരവ് അതാത് രജിസ്റ്ററുകളുമായി

പൊരുത്തപ്പെടുന്നില്ല.

| ഇനം | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് | രജിസ്റ്റർ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി (എംപ്ലോയീസ്) | 1397030 | 1375830 | 21200 |
| തൊഴിൽ നികുതി (ട്രേഡേഴ്സ്) | 322800 | 289700 | 33100 |
| ബിലേറ്റഡ് ഫീ | 14075 | 19475 | 5400 |
| റണ്ണിംഗ് മെഷിനറി ഫീ | 8850 | 10650 | 1800 |

5-കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

6- ഹെഡ്മാസ്റ്റർ TR 7A കാഷ്ബുക്ക് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരാരും തന്നെ നിർദ്ദിഷ്ഠ മാതൃകയിലുള്ള സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7-പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 91847/18-05-12 | 3147 | മൊറയൂർ സർവ്വീസ് സഹകരണ ബാങ്ക് |
| 2 | 93080/18-05-12 | 6483 | - ടി- |

| | | | |
|---|---|---|---|
| 3 | 110001/20-11-15 | 4500 | - ടി- |
| 4 | 113702/07-10-16 | 1000 | - ടി- |
| 5 | 503770/27-02-12 | 18047 | എസ്.എസ്.എ |

8- ഡേ ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9- 2016-17 വാർഷികക്കണക്കിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നു

1. ഫയൽ നം. A3-1615/18 തീയ്യതി 27.03.2018 - മൊറയൂർ വില്ലേജ് ബ്ലോക്ക് റീസർവ്വേ നം. 481/1, 481/2 – ൽ ഉൾപ്പെട്ട 1896.63 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് ശ്രീ. മാമ്മുക്കുട്ടി തട്ടാരത്തൊടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1910.57 ച.മീ. തറവിസ്തീർണ്ണമുള്ള അരിസ്റ്റോ പാലസ് എന്ന പേരിലുള്ള ഓഡിറ്റോറിയം കെട്ടിടം.

മേൽ സൂചിപ്പിച്ച വ്യക്തിക്ക് വാണിജ്യകെട്ടിടം (Group F) നിർമ്മിക്കാനായി 31.03.2009-ന് പെർമിറ്റ് നൽകിയിരുന്നു. (പെർമിറ്റ് നം. 246/2008-09). എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് ഇതേ സ്ഥലത്ത് ഓഡിറ്റോറിയം കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ടി കെട്ടിടനിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനാൽ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണം ക്രമവത്കരിക്കൽ) നിയമം, 2018 പ്രകാരം 27.03.2018-ന് അപേക്ഷ നൽകി (നം. A3-1615/18). ഈ അപേക്ഷയിൻമേൽ ജില്ലാ നഗരാസൂത്രക നടപടി സ്വീകരിക്കുകയും, 27,63,685/- രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കിയും, മറ്റ് നിബന്ധനകൾ പാലിച്ചും നിർമ്മാണം ക്രമവത്കരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. (ഉത്തരവ് നം. എ3/803/2018/കെ.ഡിസ് തീയ്യതി 30.07.2018). എന്നാൽ 10.10.18-ലെ A3-1615/18 കത്ത് പ്രകാരം കെട്ടിട ഉടമ മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ ഗണം വാണിജ്യകെട്ടിടത്തിന്റേതായി പരിഗണിക്കാൻ (Group F) അപേക്ഷ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ജില്ലാ ടൗൺ പ്ലാനർക്കുള്ള സെക്രട്ടറിയുടെ 16.10.2018-ലെ ഇതേ നമ്പറിലുള്ള കത്തിന് മറുപടി ലഭിച്ചിട്ടില്ല.

2. ഫയൽ നം. A3-3388/18 തീയ്യതി 05.08.2017 - മൊറയൂർ വില്ലേജിൽ റീസർവ്വേ നം. 274/5, 274/5P1, 274/2 എന്നിവയിൽപ്പെട്ട 3104 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് ശ്രീ. ശ്രീകുമാർ ജി, ശ്രീനിലയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2514.56 ച.മീ. തറവിസ്തീർണ്ണമുള്ള ജി.എം ഓഡിറ്റോറിയം കെട്ടിടം.
മേൽ സൂചിപ്പിച്ച വ്യക്തിക്ക് ഗണം D-യിൽ വരുന്ന 1536.8 ച.മീ. തറവിസ്തീർണ്ണമുള്ള ഓഡിറ്റോറിയം കെട്ടിടം നിർമ്മിക്കാൻ 07.09.11-ന് പെർമിറ്റ് ലഭിച്ചിരുന്നു (പെർമിറ്റ് നം. 221/11-12). എന്നാൽ പെർമിറ്റ് നൽകിയ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം പൂർത്തിയാക്കുകയും 28.02.17-ന് റിവൈസ്ഡ് പ്ലാൻ സഹിതം പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയും ചെയ്തു. റിവൈസ്ഡ് പ്ലാനിന് ജില്ലാ ടൗൺ പ്ലാനർ അനുമതി നൽകിയിട്ടുണ്ടെങ്കിലും (ഉത്തരവ് നം. സി1/6754/2017/ഡി.ഡിസ് തീയ്യതി 25.07.17), ടി കെട്ടിടത്തിന് നാളിതുവരെ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57(8) പ്രകാരമുള്ള ഫയർ N O C ലഭിച്ചിട്ടില്ല.

3. ഫയൽ നം. A3-752/18 തീയ്യതി 17.02.2018 - മൊറയൂർ വില്ലേജിൽ റീസർവ്വേ നം. 334/2 - ൽപ്പെട്ട 7015 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് ശ്രീമതി. സുലൈഖ കോത്തോടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1148 ച.മീ. തറവിസ്തീർണ്ണമുള്ള ഹിൽടോപ്പ് കൺവെൻഷൻ സെന്റർ ഓഡിറ്റോറിയം കെട്ടിടം.

ടി കെട്ടിടത്തിന്റെ നിർമ്മാണം പെർമിറ്റ് എടുക്കാതെയാണ് പൂർത്തീകരിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച ഫയൽ നമ്പർ പ്രകാരം നിർമ്മാണം ക്രമവത്കരിക്കാൻ 17.02.2018-ന് ടിയാരി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ നൽകിയിരുന്നു. എന്നാൽ ഓഡിറ്റോറിയം കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57(8) പ്രകാരമുള്ള ഫയർ N O C നേടിയിട്ടില്ല.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ എല്ലാം തന്നെ പ്രവർത്തിച്ചു വരുന്നതായി ഓഡിറ്റിനു ബോധ്യപ്പെട്ടു. ഈ കെട്ടിട നിർമ്മാണങ്ങളെ ക്രമവത്കരിക്കേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതും കെട്ടിടനിർമ്മാണം പൂർത്തീകരിച്ച തീയ്യതി മുതലുള്ള വസ്തു നികുതി കുടിശ്ശിക ഗ്രാമപഞ്ചായത്തിലേക്ക് ഈടാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.6/31.12.2018-ന് മറുപടി ലഭിച്ചിട്ടില്ല.

## 2-2 കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വാണിജ്യാവശ്യത്തിനുള്ള ചില കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തുനികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണവും കണക്കിലെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം (പ്ലാൻ പ്രകാരം) | വസ്തു നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം | വ്യത്യാസം | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി | കുറവ് / വർദ്ധനവ് | വാർഷിക വസ്തു-നികുതി | ഒന്നാം നിലക്കുള്ള 5% ഇളവ് കഴിച്ചുള്ള നികുതി | ഈടാക്കേണ്ട തുക ( 5% ഗ്രന്ഥശാലാവരി സഹിതം) |
|---|---|---|---|---|---|---|---|---|---|
| 1 | 12/338A മുതൽ 12/338AC വരെയുള്ള 27 മുറികൾ | 689.46 ച.മീ. | 639.5 ച.മീ. | 49.96 ച.മീ. | 49.96 X 50 = 2498 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം)= 500 | 2998 | 2848 | 2990 |
| 2 | 18 / 178A മുതൽ 178F വരെയുള്ള മുറികൾ (ഭൂനിരപ്പ് നില) | 148.68 ച.മീ. | 112.26 ച.മീ. | 36.42 ച.മീ. | 36.42 X 50 = 1821 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) - 10% (ദ്വിതീയ മേഖല) = 10% = 182 | 2003 | - | 2103 |
| 3 | 18 / 178G മുതൽ 178N വരെയുള്ള മുറികൾ (ഒന്നാം നില) | 171.79 ച.മീ. | 133.13 ച.മീ. | 38.66 ച.മീ. | 38.66 X 50 = 1933 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) - 10% (ദ്വിതീയ മേഖല) = 10% = 193 | 2126 | 2020 | 2121 |
| | | | | | | ആകെ | | | 7214 |

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ആവശ്യത്തിനായി നീക്കിവെച്ചാൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ നികുതി നിർണ്ണയിക്കേണ്ടതാണ്. കെട്ടിടത്തിന്റെ പൊതുവായ കോണിപ്പടി, സ്റ്റെയർ കാബിൻ, ഇടനാഴികൾ തുടങ്ങിയ ഒഴിവാക്കിയതു കൊണ്ടാണ്, വസ്തു നികുതി കണക്കാക്കേണ്ട തറവിസ്തീർണ്ണത്തിൽ കുറവ് വന്നത്. ഇതു കാരണം വസ്തു നികുതി കണക്കാക്കിയതിലും കുറവ് വന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 08/31.12.2018-നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വേറിൽ പുനർനിർണ്ണയിച്ചു എന്നറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക

അടവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹോട്ടൽ കെട്ടിടം - നമ്പർ നൽകിയതിനു ശേഷം നിർമ്മാണത്തിൽ മാറ്റം വരുത്തി

മൊറയൂർ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ സുൽത്താൻ പാലസ് എന്ന പേരിലുള്ള ഹോട്ടൽ കെട്ടിടത്തിലെ 5 റൂമുകൾക്ക് ഫയൽ നം. A3-679/17 തീയ്യതി 23.09.17പ്രകാരം നമ്പർ നൽകിയിരുന്നു. എന്നാൽ ഇതിന് ശേഷം നിർമ്മാണത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| കെട്ടിടത്തിന്റെ നില | കെട്ടിട നം. | തറവിസ്തീർണ്ണം (ച. മീ.) |
|---|---|---|
| ഭൂനിരപ്പ് നില (Ground Floor) | 13/450C, D, E | 101.45 |
| ഒന്നാം നില (First Floor) | 13/ 450B | 421.22 |
| രണ്ടാം നില (Second Floor) | 13 / 450A | 487.3 |
| സ്റ്റെയർ കാബിൻ | | 33.96 |
| | ആകെ തറവിസ്തീർണ്ണം | 1043.93 ച. മീ. |

എന്നാൽ നമ്പർ നൽകിയതിനു ശേഷം ടി കെട്ടിടത്തിന് വളരെയധികം കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ ഘടന താഴെ പറയും പ്രകാരമാണ് [നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി കെട്ടിട ഉടമ അപേക്ഷ 14.11.2018-ന് സമർപ്പിച്ച അപേക്ഷയിലെ പ്ലാൻ പ്രകാരം]

| കെട്ടിടത്തിന്റെ നില | കെട്ടിട നം. | തറവിസ്തീർണ്ണം (ച. മീ.) | കുറിപ്പ് |
|---|---|---|---|
| ഭൂനിരപ്പ് നില (Ground Floor) | 13/450C, D, E | 104.12 | |
| ഒന്നാം നില (First Floor) | 13/ 450B | 481.93 | |
| രണ്ടാം നില (Second Floor) | 13 / 450A | 514.37 | |
| മൂന്നാം നില (Third Floor) | അനധികൃത നിർമ്മാണം | 514.37 | |
| | ആകെ തറവിസ്തീർണ്ണം | 1614.79 ച. മീ. | |

ഇതു സംബന്ധിച്ച അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കെട്ടിടത്തിന്റെ വലത് വശത്തായി പ്ലോട്ട് അതിർത്തിയോട് ചേർന്ന് കിച്ചൻ സ്പേസ് നിർമ്മിച്ചിട്ടുണ്ട്. ഇത് സമർപ്പിച്ച പ്ലാനിൽ കാണിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം 10 മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ (ഗണം F) വശങ്ങളിൽ ചുരുങ്ങിയത് 1.2 മീറ്ററുള്ള തുറസ്സായ സ്ഥലമുണ്ടായിരിക്കേണ്ടതാണ്. ആ നിലക്ക് ഈ നിർമ്മാണം ചട്ടങ്ങൾക്ക് വിരുദ്ധമാണ്.
2. ബിൽഡിംഗ് പെർമിറ്റ് പ്രകാരം ശ്രീ. പാലക്കൽ അബ്ദുസ്സലാം, സുബൈർ, റഹീം എന്നിവരാണ് കെട്ടിടത്തിന്റെ ഉടമകളായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മൊറയൂർ വില്ലേജ് ആഫീസിൽ നിന്നും ലഭ്യമാക്കിയ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ആകെ പ്ലോട്ട് ഏരിയയായ 0.1779 ഹെക്ടറിൽ 0.0920 ഹെക്ടർ (സർവ്വേ നം. 384/4-1,4-2) മാത്രമേ ഇവരുടെ കൈവശമുള്ളൂ. ബാക്കി 0.0855 ഹെക്ടർ സ്ഥലം (സർവ്വേ നം. 383/3) കുഞ്ഞിമുഹമ്മദ് കോടാലി കാരണാട് എന്ന മറ്റൊരു വ്യക്തിയുടെ പക്കലാണുള്ളത്.
3. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 58(12) പ്രകാരം, 1000 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്ക് നിർബന്ധമായും അഗ്നിശമനാ ഡയറക്ടറേറ്റിൽ നിന്നുള്ള FIRE NOC നേടേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 09/31.12.2018-നുള്ള മറുപടിയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി 2018-ലെ കെട്ടിട നിർമ്മാണം (അനധികൃത നിർമ്മാണം ക്രമവത്കരിക്കൽ) ചട്ടങ്ങൾ [(GO(P) 12/2018/LSGD Dt. 15.02.2018)] പ്രകാരം കെട്ടിട ഉടമ അപേക്ഷ നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്ക് 29.11.2018 തീയ്യതിയിൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും ആയിട്ടില്ല. ഈ ഫയലിൽ സ്വീകരിക്കേണ്ട തുടർനടപടികളിൽ മേൽ സൂചിപ്പിച്ച ഓഡിറ്റ് നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഹോട്ടലിന്റെ പ്രവർത്തനം തുടങ്ങിയ സ്ഥിതിക്ക് വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഉടമസ്ഥരിൽ നിന്നും

ഈടാക്കേണ്ടതാണ്.

<u>കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം</u>

| ക്രമ നം. | കെട്ടിടത്തിന്റെ നില | കെട്ടിട നം. | തറവിസ്തീർണ്ണം (പ്ലാൻ പ്രകാരം) | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി | കുറവ് / വർദ്ധനവ് | വാർഷിക വസ്തു-നികുതി | നിലക്കുള്ള ഇളവ് കഴിച്ചുള്ള നികുതി |
|---|---|---|---|---|---|---|---|
| 1 | ഭൂനിരപ്പ് നില | 13/450C, D, E | 104.12 ച.മീ. | 104.12 X 50 = 5206 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) = 1041 | 6247 | 6247 |
| 2 | ഒന്നാം നില | 13/ 450B | 481.93 ച.മീ. | 481.93 X 50 = 24097 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) + 15% (മേൽത്തരം തറ) = 35% = 8434 | 32531 | 30905 |
| 3 | രണ്ടാം നില | 13 / 450A | 514.37 ച.മീ. | 514.37 X 50 = 25719 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) + 15% (മേൽത്തരം തറ) + 10% (കേന്ദ്രീകൃത എയർ കണ്ടീഷൻ)= 45% = 11574 | 37293 | 33564 |
| 4 | മൂന്നാം നില | നമ്പർ നൽകിയിട്ടില്ല | 514.37 ച.മീ. | 514.37 X 50 = 25719 | 20%(5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) + 15% (മേൽത്തരം തറ) + 10% (കേന്ദ്രീകൃത എയർ കണ്ടീഷൻ)= 45% = 11574 | 37293 | 31699 |
| | | | | | ആകെ | | 1,02,415 |

കെട്ടിടത്തിൽ നിന്ന് നിലവിൽ 64,767/- രൂപയാണ് വസ്തു നികുതിയായി ഈടാക്കുന്നത്. മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും 2017-18 വർഷത്തേക്കുള്ള അധിക നികുതിയായ 37,648/- രൂപ (1,02,415 – 64,767) ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-4 <u>ക്വാറികൾക്കുള്ള ലൈസൻസ് - അപാകതകൾ</u>

മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ക്വാറികൾക്ക് ഡി&ഒ ലൈസൻസ് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | 2017-18 ഡി&ഒ രജി. ക്രമ നം. | ക്വാറിയുടെ വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 64 | മൊറയൂർ വില്ലേജിലെ സർവ്വേ നം. 165/2 എന്ന സ്ഥലത്ത് ശ്രീ. കെ അലിയാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ക്വാറി | 1. ഫയലിൽ പെട്രോളിയം & എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ഓർഗനൈസേഷനിൽ (PESO) നിന്നുള്ള Shot Firers ലൈസൻസ് ഉൾപ്പെടുത്തിയിട്ടില്ല<br>2. സൈറ്റ് പ്ലാൻ ഉൾപ്പെടുത്തിയിട്ടില്ല.<br>3. മാത്രമല്ല ഈ സ്ഥലത്ത് ഒരു ക്രഷർ യൂണിറ്റ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ കാണുന്നുണ്ട്. ഡി&ഒ ലൈസൻസ് ക്വാറി പ്രവർത്തിക്കാൻ മാത്രമാണ് നൽകിയിട്ടുള്ളത്. ക്രഷർ യൂണിറ്റിന് പ്രത്യേകമായി ലൈസൻസ് നേടേണ്ടതുണ്ട്. |
| 2 | 146 | മൊറയൂർ വില്ലേജിലെ സർവ്വേ നം. 37/1,2,3, 36/2എന്ന സ്ഥലത്ത് ശ്രീ. ഇ.എ.അബ്ദുൾ കരീം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ക്വാറി | 1. ഫയലിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ക്വാറിയിംഗ് ലീസിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടില്ല. ഇതിന് മുന്നോടിയായി നൽകുന്ന ലെറ്റർ ഓഫ് ഇന്റന്റ് മാത്രമേ ഉള്ളൂ. ക്വാറി പ്രവർത്തിച്ചു തുടങ്ങുന്നതിന് മുമ്പായി ക്വാറിയിംഗ് ലീസ് നിർബന്ധമായും നേടേണ്ടതാണ്.<br>2. പെട്രോളിയം & എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ഓർഗനൈസേഷനിൽ (PESO) നിന്നുള്ള Shot Firers ലൈസൻസ് ഉൾപ്പെടുത്തിയിട്ടില്ല |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/07.01.2019 – നുള്ള മറുപടിയിൽ ക്രമ നം. 1-ൽ സൂചിപ്പിച്ചിരിക്കുന്ന ക്രഷറിന് പ്രത്യേകമായി ലൈസൻസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും, ഈ ലൈസൻസ് കെ.ജെ.വർഗീസ് എന്ന മറ്റൊരു വ്യക്തിയുടെ പേരിലാണ്. ക്വാറി, ക്രഷർ സംബന്ധിച്ച വ്യാപാരങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച വ്യക്തമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റൂഫിങ്ങ് ഷീറ്റ് അധിക നിരക്ക് അനുവദിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടുകളിൽ ഗ്രാമ പഞ്ചായത്ത് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ മേൽക്കൂര DSR 12.50 പ്രകാരമുള്ള 0.50mm കനത്തിലുള്ള ഷീറ്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയും ഇതേ കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര ഷീറ്റിട്ടതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ചതിൽ 0.30കനത്തിലുള്ള ഷീറ്റ് മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. 0.3mm കനത്തിലുള്ള ഷീറ്റിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള തുക മാത്രമാണ് അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. തെറ്റായ വിവരം രേഖപ്പെടുത്തി കരാറുകർക്ക്/കൺവീനർമാർക്ക് അധികതുക നൽകുന്നതിന് ഇത് കാരണമായിട്ടുണ്ട്. അളവ് പുസ്തകത്തിൽ തെറ്റായ വിവരം രേഖപ്പെടുത്തി കരാറുകാർക്ക് അധിക തുക നൽകിയത് അംഗീകരിക്കാനാവില്ല. അധികം നൽകിയ തുക തിരിച്ച്പിടിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 16/04.01.2019 മുഖേന അപാകത എഞ്ചിനീയറിങ്ങ് വിങ്ങിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | .5mmറൂഫിങ്ങ് ഷീറ്റ് അളവ് | നൽകിയ തുക | .3mm ഷീറ്റിന് അനുവദിക്കാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 54/18 തോട്ടക്കര അംഗനവാടി<br>250000(MG NR)<br>കൺവീനർ. ശ്രീ. സുനന്ദ ദേവി | 22.05$m^2$ | 17461<br>@791.86/$m^2$ | 12385<br>@561.7/$m^2$ | 5076 |

| | | | | | |
|---|---|---|---|---|---|
| | DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 37/16-17<br>ബിൽ 01/29.06.2017<br>തുക 45209 | | | | |
| 2 | 51/18 അതിയാരത്ത് അംഗനവാടി പുരോഗമന പ്രവൃത്തി<br>150000(MG NR)<br>കൺവീനർ. ശ്രീ. ശിഹാബുദ്ധീൻ.എ.പി<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19<br>അളവ് പുസ്തകം 53/16-17<br>ബിൽ 9/14.07.2017<br>തുക. 127630 | 26.2$m^2$ | 20747<br>@791.86/$m^2$ | 14717<br>@561.7/$m^2$ | 6030 |
| | ആകെ അധികം നൽകിയത് | | | | 11106 |

ഓഡിറ്റ് എൻക്വയറി 16/04.01.2019 പ്രകാരം അപാകത എഞ്ചിനീയറിങ്ങ് വിങ്ങിന്റെയും പഞ്ചായത്ത് സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-2 മൊറയൂർ പി.എച്ച്.സി പുരോഗമന പ്രവൃത്തി- ഷീറ്റിന്റെ കനം രേഖപ്പെടുത്തിയട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 202/18 പ്രോജക്ട് പി.എച്ച്.സി യുടെ മുറ്റത്ത് സ്റ്റേജ് നിർമിക്കുന്നതിനാണ് .മെയിന്റനൻസ് ഫണ്ട് നോൺ റോഡ് രണ്ട് ലക്ഷം രൂപയാണ് പ്രവൃത്തിക്കായി വകയിരുത്തിയത്.എസ്റ്റിമേറ്റ് നിരക്കിൽ കെ. ഹാരീസ് എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിക്കുന്നത്. DSR 2016 , Cost Index 40.2 പ്രകാരമുള്ള വർക്കിൽ സ്റ്റേജ് നിർമിച്ച് മുകളിൽ ഷീറ്റ് മേയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാക്കി ബിൽ 69/26.02.2018 പ്രകാരം 178370 രൂപ പിൻലിച്ച് ആദായ നികുതി 1784, വെൽഫയർ ഫണ്ട് 1784 രൂപ കുറവ് ചെയ്ത് 174802 രൂപ കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

അളവ് പുസ്തകം 46/2018 പ്രകാരം എസ്റ്റിമേറ്റിൽ പരാമർശിച്ച പ്രകാരമുള്ള സ്റ്റേജിന്റെ വർക്ക് നിർവഹിച്ചിട്ടുണ്ട്. അളവുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം .5mm കനത്തിലുള്ള ഷീറ്റാണ് മേയുന്നതിന് ഉപയോഗിക്കേണ്ടത്. ഇതേ കനത്തിലുള്ള ഷീറ്റ് പ്രവൃത്തിക്കായി ഉപയോഗിച്ചത് എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും മെഷർ, ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. .5mm കനത്തിലുള്ള 45.5m2 ഷിറ്റ് മേയുന്നതിന് 771.66m2 നിരക്കിൽ 35110.5 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് എന്ന് വർക്ക് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ പ്രവൃത്തിക്കായി ഉപയോഗിച്ച ഷീറ്റിന്റെ കനം ഷീറ്റിൽ പ്രിന്റ് ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. പ്രവൃത്തിക്കായി ഉപയോഗിച്ച ഷീറ്റിന്റെ കനം പരിശോധിച്ച് ഉറപ്പ് വരുത്തിയതായ വിവരം അളവ് പുസ്തകത്തിലോ, വർക്ക് ഫയലിലോ രേഖപ്പെടുത്തിയിട്ടുമില്ല.

അപാകത *ഓഡിറ്റ് എൻക്വയറി 15/04.01.2019 പ്രകാരം* ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കരാറുകരൻ വാങ്ങിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റിന്റെ കനം വ്യക്തമാക്കുന്ന ടാക്സ് ഇൻവോയ്സ് ഹാജരാക്കി.പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും വർക്ക് ഫയലിൽ തന്നെ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ തന്നെയാണ് നിർവഹിച്ചിട്ടുള്ളത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ബിൽതുക നൽകുന്നതിന് മുമ്പ് പരിശോധിച്ച് വ്യക്തമായ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കൺവീനർ വർക്കുകളിൽ അപാകത

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ നിയമാനുസൃത നികുതികൾക്കായി 7.5% തുക ഓവർഹെഡ് ചാർജ്ജായി ഉൾപ്പെടുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടത്.

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ മാത്രമാണ് കൺവീനറിൽ നിന്ന് ഈടാക്കിയിട്ടുള്ളത്. വാറ്റിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്തിയെങ്കിലും ഈ തുക വർക്ക് ബില്ലിൽ നിന്ന് കുറവ് ചെയ്യാതെ , കൺവീനർക്ക് നൽകുന്നതായി കാണുന്നു. 1.7.2017 മുതൽ GST നിലവിൽ വന്നതിനാൽ കൺവീനറിൽ നിന്ന് GST കൂടി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്ന് എപ്രകാരമാണ് GST ഈടാക്കേണ്ടതെന്ന് വ്യക്തമായ നിർദ്ദേശം വന്നിട്ടില്ലാത്തിനാൽ GST ഈടാക്കിയത് വകയിരുത്തിയതിലും അധിക നിരക്കിലാണ്.അധിക നിരക്കിൽ GST ഈടാക്കി ബിൽ തുക നൽകിയതിനാൽ സാങ്കേതികമായി ഈ വർക്കിൽ അധിക തുകനൽകിയിട്ടില്ല എന്ന് കാണുന്നു. GST ഇനത്തിൽ തുക കുറവ് ചെയ്യാത്ത പ്രവൃത്തികളിൽ നിന്ന് കൺവീനർക്ക് 4.5% തുക അധികം നൽകുന്നതായി കാണുന്നു.ഏതാനും പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.ഓഡിറ്റ് എൻക്വയറി. 10/31.12.2018 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| | പ്രവൃത്തി | ബിൽ നമ്പർ. തുക | മൂല്യ നിർണ്ണയതുക | ഈടാക്കേണ്ടിയിരുന്ന നികുതി. (4.5%) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മഞ്ഞപ്പലത്ത്പാറ അംഗൻവാടി റിപ്പയർ. (225/18 ) കൺവീനർ ശ്രീമതി .പി.ലീലാവതി അളവ് പുസ്തകം. 59/2018 | 78/12.03.18 തുക 42691 | 42691 | 1921 | |
| 2 | കരളാശ്ശേരി വെള്ളാരംപ്പാറ റോഡ് (36/18) കൺവീനർ. ശ്രീ.സഹീർ.കെ അളവ് പുസ്തകം. 22/2018 | 82/16.3.2018 തുക 100000 ബിൽ. 83/16.3.2018 തുക 100000 | 200000 | 9000 | 24000 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട്. |
| 3 | കാമ്പുറം കണ്ടംപള്ളിയാലി റോഡ് (35/18) കൺവീനർ. ശ്രീ.ശിഹാബുദ്ധീൻ അളവ് പുസ്തകം. 21/2018 | 74/12.3.2018 തുക 300000 | 300000 | 13500 | 36000 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട്. |
| 4 | കീഴ് മുറി അംഗനവാടി റിപ്പയർ (239/18) കൺവീനർ. ശ്രീമതി.റംലബീവി അളവ് പുസ്തകം. 71/2018 | 118/28.3.2018 തുക 24424 | 24424 | 1099 | |
| 5 | GLPS വാലഞ്ചേരി നവീകരണം (195/18) കൺവീനർ. ശ്രീമതി. വസന്തകുമാരി അളവ് പുസ്തകം. | 114/27.3.2018 തുക 181624 | 181724 | 8178 | 21795 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | 51/2018 | | | | |
| 6 | നെരവത്ത് തോട്ടക്കര അംഗനവാടി (230/18) കൺവീനർ. ശ്രീമതി. സുനന്ദ ദേവി അളവ് പുസ്തകം. 53/2018 | 97/21.3.2018 തുക 23062 | 23062 | 1038 | 2767 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട് |
| 7 | അറഫ വാഴച്ചാൽ അംഗനവാടി (226/18) കൺവീനർ. ശ്രീമതി. രാധിക അളവ് പുസ്തകം. 64/2018 | 98/21.3.2018 തുക 22754 | 22754 | 1024 | |
| 8 | GMUPS ഒഴുകൂർ നവീകരണം (192/18) കൺവീനർ. ശ്രീ.അബ്ദു.വി അളവ് പുസ്തകം. 81/2018 | 102/23.3.2018 തുക 185083 | 185083 | 8329 | 22210 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട് |
| 9 | മൊറയൂർ ആശുപത്രി നവീകരണം (61/18) കൺവീനർ. ശ്രീ.അലി അഷ്റഫ്. അളവ് പുസ്തകം. 70/2018 | 92/19.3.2018 തുക 256324 | 256314 | 11534 | 30758 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട് |
| 10 | പാലീരി അംഗനവാടി നവീകരണം (50/18) കൺവീനർ. ശ്രീമതി.പ്രമീള അളവ് പുസ്തകം. 81/2018 | 102/23.3.2018 തുക 104228 | 104228 | 4690 | 23451 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട് |
| 11 | സ്കൂൾപ്പടി കറിയോടത്ത് റോഡ് (47/18) കൺവീനർ. ശ്രീ.മുഹമ്മദ് ഹനീഫ അളവ് പുസ്തകം. 12/2018 | 88/16.3.2018 തുക 284418 | 284418 | 12799 | 34130 രൂപ ബില്ലിൽ നിന്ന് പിടിച്ച് വെച്ചിട്ടുണ്ട്. |

1,4,7 വർക്കുകളിലായി കൺവീനർമാർക്ക് നൽകിയ അധിക തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 4044 രൂപ 40770/04.01.2019 രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

അഡ്വാൻസ് ആയി തുക പിടിച്ച് വെച്ച പ്രവൃത്തികളുടെ കാര്യത്തിൽ പിടിച്ച് വെച്ച തുക കൺവീനർമാരുടെ റിക്വസ്റ്റ് പ്രകാരം തിരികെ നൽകുമ്പോൾ , അധികമായി കൺവിനർമാർക്ക് നൽകിയ നികുതി വിഹിതം കുറവ് ചെയ്യേണ്ടതാണ്.

## 3-4 അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്റ്റ്- ഒരു അവലോകനം

ഓഡിറ്റ് വർഷം മൊറയൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 182 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 30805525രൂപയാണ്. വകയിരുത്തിയ തുകയിൽ 19855282 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് 64.45 ശതമാനം മാത്രമാണ്.1859109 രൂപയുടെ 17 ബിൽ ക്യൂ ബിൽ ആയിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 53 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ അഞ്ച് പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളും

അവശേഷിച്ച 48 പ്രവൃത്തികൾ തൽവർഷ പ്രോജക്ടുകളുമാണ്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 10950243 രൂപ വകയിരുത്തിയ പ്രോജക്ടുകൾ ഓഡിറ്റ് വർഷം നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു.ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേട്ടപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല .വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി വ്യക്തമാവുന്നു.

ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൻവർഷംതന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-5 മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

ആകെയുള്ള 182 പൊതു മരാമത്ത് പ്രവൃത്തികളിൽ 53 എണ്ണം ഒഴികെയുള്ളവ സമയപരിധിക്കുള്ളിൽ നിർവഹിക്കാനായിട്ടുണ്ട്. 17 പ്രോജക്ടുകളിലെ തുക ക്യൂ ബിൽ ആയി തൊട്ടടുത്ത മാസങ്ങളിൽ മാറിയിട്ടുണ്ട്. എന്നാൽ, ചെയ്ത പ്രവൃത്തികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിൽ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.

പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ് . ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി ,റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 3-6 വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യ സ്ഥിരം സമിതി 13 തവണ യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഇടപെടലുകളും നടത്തുന്നതായി മിനുട്സ് വ്യക്തമാക്കുന്നു. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും നിർവഹണ ഘട്ടത്തിൽ വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രത്യേകിച്ച് നിർവഹണം നടക്കാതിരുന്ന പ്രോജക്ടുകളുടെ വിശകലനം നടത്തിയതായി കാണുന്നില്ല. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ്

വികസന സ്ഥിരം സമിതി.

## 3-7 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ അൻപത് പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ അഞ്ച് പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഇതിൽ ഒരു കുടിവെള്ള പദ്ധതിയും അവശേഷിച്ചവ റോഡ് പ്രവൃത്തികളുമാണ്. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ അധിക പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എല്ലാ ടെണ്ടർ പ്രവൃത്തികളിലും രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റൊരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ടാണ് ടെണ്ടർ സമർപ്പിക്കുന്നത്. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും അടുത്തതിൽ കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടർ കുറവ് രേഖപ്പെടുത്തുന്നത് ഒന്നുകിൽ .1ബിലോ, അല്ലെങ്കിൽ .5 ബിലോ എന്ന നിരക്കിൽ മാത്രമാണ് എന്നും കാണുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കുന്നതായി മേൽ പറഞ്ഞവയിൽ നിന്നും വ്യക്തമാണ്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് എന്ന് ഓർമിപ്പിക്കുന്നു. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കരാറുകാരാണ് എന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നതിന് ഇത് സഹായകമാവുന്നു എന്നാണ് പഞ്ചായത്ത് അധികാരികളുടെ നിലപാട്. പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കേണ്ടതും വ്യാപകമായ തോതിലുള്ള ഇത്തരം പ്രവണതകൾ നിരുൽസാഹപെടുത്തേണ്ടതുമാണ്.

## 3-9 ധനകാര്യ സ്ഥിരം സമിതി- ഒരു വിലയിരുത്തൽ

ഓഡിറ്റ് കായലളവിൽ ധനകാര്യ സ്ഥിരം സമിതി 15 തവണ യോഗം ചേർന്ന് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതി മാസ വരവ് ചെലവുകൾ അംഗീകരിക്കുകയും, പഞ്ചായത്തിന്റെ ധനകാര്യ വിശകലനം നിർവഹിക്കുകയും, ബജറ്റ് നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. 11.09.2017ലെ യോഗ തീരുമാനങ്ങൾ പൂർത്തിയാക്കി മിനുട്സ് സാക്ഷ്യപ്പെടുത്താതെ 244 മുതൽ 250 വരെയുള്ള പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു.

തനത് വരുമാനം വളരെ കുറവാണ് ഗ്രാമ പഞ്ചായത്തിന്. എന്നാൽ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ക്രിയാത്മക നിർദേശങ്ങളും ചർച്ചകളും ഇടപെടലുകളും നടത്തുന്നതിൽ ജാഗ്രത പുലർത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 അഗതി രഹിത ഗ്രാമം. പ്രോജക്ട് അന്തിമ ഘട്ടത്തിൽ

പതിനെട്ട് വാർഡുകൾ ഉള്ള ഗ്രമപഞ്ചായത്താണ് മൊറയൂർ. ആശ്രയ ഒന്നാം ഘട്ട പ്രോജക്ടിൽ 20 എസ്.സി കുടുംബങ്ങൾ ഉൾപ്പെടെ 216 കുടുംബങ്ങൾ ഉൾപെട്ടിരുന്നു. ആകെ 404 ഗുണഭോക്താക്കളാണ് പ്രോജക്ടിന്റെ ആനുകൂല്യങ്ങൾക്ക് അർഹരായി ഉൾപെട്ടത്. തുടർന്ന് പ്രോജക്ട് റിവിസിറ്റ് ചെയ്തിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. 4110400രൂപ വകയിരുത്തിയ പ്രോജക്ടിൽ 3477957 രൂപയാണ് വനിയോഗിച്ചത്. പ്ലാൻ വിഹിതം ഇനത്തിൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായിട്ടാണ് വ്യക്തമാവുന്നത്. എന്നാൽ ആശ്രയ ഫണ്ട് തിരിച്ചുള്ള വിനിയോഗ പത്രിക പ്രകാരം പ്ലാൻ വിഹിതം ബാലൻസ് ഉള്ളതായി വ്യക്തമാവുന്നു. വകയിരുത്തിയ പ്ലാൻ വിഹിതം 3274400 രൂപയിൽ 3260072 രൂപ ചെലവഴിച്ചതായാണ് വിനിയോഗ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലഭ്യമായ പ്ലാൻ വിഹിതം എത്ര എന്ന്

രേഖപ്പെടുത്തിയിട്ടില്ല.

കുടുംബശ്രീ അക്കൌണ്ടിൽ അഞ്ച് ബാങ്ക് അക്കൌണ്ടുകളിലായി 31.03.2018 ൽ 2030956 രൂപയും 04.12.2018 ൽ 1945122 രൂപയും ബാലൻസ് ഉള്ളതായി ക്യാഷ് ബുക്കിൽ നിന്ന് വ്യക്തമാവുന്നു. ഇതിൽ 1036699 രൂപയും ചാലഞ്ച് ഫണ്ടാണ് .

ആശ്രയ പ്രോജക്ടിന്റെ തുടർച്ചയായുള്ള അഗതി രഹിത ഗ്രാമം പദ്ധതിയിൽ 121 കുടുംബങ്ങളാണ് ഉൾപെട്ടിട്ടുള്ളത്. ഇതിൽ 73 കുടുംബങ്ങൾ നിലവിലെ ആശ്രയ പ്രോജക്ടിലെ അംഗങ്ങളും, 48 കുടുംബങ്ങൾ പുതുതായി ഉൾപെട്ട കുടുംബങ്ങളും ആണ്. 12216500 രൂപ അടങ്കലുള്ള പ്രോജക്ടിൽ 30 ലക്ഷം രൂപ ചാലഞ്ച് ഫണ്ടും, 88 ലക്ഷം രൂപ പ്ലാൻ വിഹിതവും, അവശേഷിച്ച തുക പഞ്ചായത്ത് തനത് ഫണ്ട്, സപോൺസർഷിപ്പ് എന്നിവയിലൂടെ കണ്ടെത്താനുമാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ട് നിർദേശങ്ങൾ പഞ്ചായത്ത് ഭരണസമിതി 03/26.11.2018 പ്രകാരം അംഗീകരിച്ചിട്ടുണ്ട് എങ്കിലും അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു.

## 3-11 വി.ഇ.ഓ .പ്രോജക്ട് നിർവഹണത്തിൽ അനാസ്ഥ.

ദാരിദ്ര ലഘൂകരണ മേഖലയിലെ പ്രോജക്ടുകൾ നിർവഹണം നടത്തേണ്ടത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്ന പ്ലൻ വിഹിതം തികഞ്ഞ ആസൂത്രണത്തോടെയും ഫലപ്രദമായും വിനിയോഗിച്ച് കേവല ദാരിദ്ര്യം ഇല്ലാതാക്കുന്നതിൽ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. എന്നാലേ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം എന്ന വിശാല ലക്ഷ്യം സാധ്യമാവുകയുള്ളൂ. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് ഈ മേഖലയിൽ വകയിരുത്തിയ തുക ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ വന്നതായി രേഖകൾ വ്യക്തമാക്കുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തുന്ന ഏഴ് പ്രോജക്ടുകൾക്കാണ് തൽവർഷം തുക വകയിരുത്തിയത്. ഇതിൽ മൂന്ന് പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളാണ് . 8907092 രൂപയാണ് ഇതിനായി വകയിരുത്തിയത്. എന്നാൽ കേവലം 2248000 രൂപ മാത്രമാണ് വിനിയോഗിച്ചത് . അതായത് വകയിരുത്തിയ തുകയുടെ 25.24 ശതമാനം മാത്രമാണ് അർഹരായ ഗുണഭോക്താക്കൾക്ക് നല്കാനായത് . 66.59 ലക്ഷം രൂപ അർഹരായ ഗുണഭോക്താക്കൾക്ക് നൽകാനായില്ല എന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ച്ചയായി മാത്രമേ വിലയിരുത്താനാവൂ.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രോജക്ട് നിർവഹണ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| SO 30/2018 ജനറൽ വീട് നിർമാണം | 520000 | 120000 | 23.1 |
| SO 31/2018 വീട് റിപ്പയർ | 420000 | 20000 | 4.7 |
| SO 32/2018 ബയോഗ്യാസ് | 1935292 | 0 | 0 |
| New 124/2018 വീട് നിർമാണം | 3600000 | 0 | 0 |
| New 127/2018 മേൽക്കൂര മാറ്റൽ | 1631800 | 1608000 | 98.5 |
| New 142/2018 മേൽക്കൂര മാറ്റൽ | 750000 | 450000 | 60 |
| New 277/2018 ഓഫീസ് കമ്പ്യൂട്ടർ | 50000 | 50000 | 100 |
| ആകെ | 8907092 | 2248000 | 25.24 |

സങ്കീർണമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നത്. ആവശ്യമായ തുക കണ്ടെത്തി, വകയിരുത്തി ഭരണാനുമതിയും ലഭിച്ച പ്രോജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്നതും, ഭാഗികമായി മാത്രം നിർവഹണം നടത്തുന്നതും ഗുരുതരമായ വീഴ്ച്ചയാണ്. നിർവഹണ ഉദ്യോഗസ്ഥന്റെ കൃത്യ നിർവഹണത്തിലെ വീഴ്ച്ച ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ക്ഷേമ കാര്യ സ്ഥിരം സമിതിയാണ് വി.ഇ.ഒ യുടെ പ്രോജക്ടുകളുടെ പുരോഗതി വിവരം വിലയിരുത്തേണ്ടത്. ഈ കാലയളവിൽ 14 തവണ ക്ഷേമകാര്യ സ്ഥിരം സമിതി യോഗം ചേർന്ന് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

ഒരിക്കൽപോലും ദാരിദ്ര ലഘൂകരണ, സാമൂഹ്യ നീതി മേഖലകളിലെ പ്രോജക്ടുകളുടെ പുരോഗതി വിവരം വിലയിരുത്തുകയോ, ആവശ്യമായ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു.

6659092 രൂപയുടെ ആനുകൂല്യങ്ങൾ ഗ്രാമ പഞ്ചായത്തിലെ ദരിദ്ര സമൂഹത്തിന് അനുവദിക്കുന്നതിൽ വീഴ്ച്ച വരുത്തിയ നിർവഹണ ഉദ്യോഗസ്ഥന് എതിരെ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 19/05.01.2019 ഓഡിറ്റ് എൻക്വയറി മുഖേന അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-12 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസമുണ്ടായി

20-09-2005 -ലെ സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കണം. ആദ്യഗഡു ഏപ്രിൽ 30 – നകവും രണ്ടാമത്തെ ഗഡു നവമ്പർ 30 – നകവുമാണ് അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ മൊറയൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16,16-17 വർഷങ്ങളിലെ ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കേണ്ടിയിരുന്ന 3,40,400 രൂപ, സെക്രട്ടറിയുടെ 29-07-17 -ലെ 21700215 നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച് നൽകിയത് 02-08-2017 നാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ കൈപ്പറ്റിയിട്ടുള്ളത്.

ലൈബ്രറി സെസ്സ് തുക അടവാക്കാൻ കാലതാമസം വരുത്തിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 05-01-2019 -ന് നൽകിയ 17 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, വസ്തു നികുതി ഡിമാന്റും കളക്ഷനും തമ്മിൽ ഒരു പാട് പൊരുത്തക്കേടുകൾ നിലനിന്നിരുന്നതിനാൽ കളക്ഷൻ തുകയിൽ നിന്ന് തന്നെ നികുതിയുൾപ്പെടെയുള്ള തുകകൾ തിരിച്ചു കൊടുക്കേണ്ട സാഹചര്യമുണ്ടായിരുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതാണ്.

## 3-13 ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ അംശദാനം അടവാക്കിയില്ല

2014-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ (ജി.ഒ.(പി) 7/2016/ഫിൻ, തീയതി 20-01-2016 ) അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ ശമ്പളം പുനർനിർണ്ണയിച്ചെങ്കിലും, ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ ലഭിച്ച തുകയ്ക്കാനുപാതികമായി പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഒന്നാം ഗഡു

| പേര് | തസ്തിക | വൗച്ചർ നമ്പർ/തീയതി | കുടിശ്ശികയിനത്തിൽ കൈപ്പറ്റിയ തുക |
|---|---|---|---|
| ശ്രീ.രാജേന്ദ്രൻ, | അസി. സെക്രട്ടറി | 21700119/06-06-17 | 24211 |
| ശ്രീ.സണ്ണിമോൻ | അക്കൗണ്ടന്റ് | -ടി- | 22316 |
| ശ്രീമതി.ഗീത | സീനിയർ ക്ലാർക്ക് | -ടി- | 12383 |
| ശ്രീ.സരിൻചന്ദ് | -ടി- | -ടി- | 18564 |
| ശ്രീമതി.ഷംല | ക്ലാർക്ക് | -ടി- | 15323 |
| ശ്രീ.അബ്ദുൽ മാലിക് | -ടി- | -ടി- | 15517 |
| ശ്രീമതി.ഇന്ദു.കെ | -ടി- | -ടി- | 4353 |
| ശ്രീ.മുഹമ്മദ് ഹനീഫ | പാർട്ട് ടൈം ലൈബ്രേറിയൻ | -ടി- | 6199 |

| | | | |
|---|---|---|---|
| ശ്രീമതി.റസിയ | പാർട്ട് ടൈം സ്വീപർ | -ടി- | 10237 |
| | | ആകെ | 1,29,103 |

രണ്ടാം ഗഡു

| പേര് | തസ്തിക | വൗച്ചർ നമ്പർ/തീയതി | കടിശ്ശികയിനത്തിൽ കൈപ്പറ്റിയ തുക |
|---|---|---|---|
| ശ്രീ.രാജേന്ദ്രൻ, | അസി. സെക്രട്ടറി | 21700441/04-11-17 | 19467 |
| ശ്രീ.സണ്ണിമോൻ | അക്കൗണ്ടന്റ് | -ടി- | 17943 |
| ശ്രീമതി.ഗീത | സീനിയർ ക്ലാർക്ക് | -ടി- | 9284 |
| ശ്രീ.സരിൻചന്ദ് | -ടി- | -ടി- | 14926 |
| ശ്രീമതി.ഷംല | ക്ലാർക്ക് | -ടി- | 12320 |
| ശ്രീ.അബ്ദുൽ മാലിക് | -ടി- | -ടി- | 12476 |
| ശ്രീമതി.ഇന്ദു.കെ | -ടി- | -ടി- | 3500 |
| ശ്രീ.മുഹമ്മദ് ഹനീഫ | പാർട്ട് ടൈം ലൈബ്രേറിയൻ | -ടി- | 4984 |
| ശ്രീമതി.റസിയ | പാർട്ട് ടൈം സ്വീപർ | -ടി- | 8228 |
| | | ആകെ | 1,03,128 |

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന തുകക്ക് ആനുപാതികമായ പെൻഷൻ അംശദാനം അടവാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് 04-01-2019 -ന് നൽകിയ 14 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 തുല്യത പരീക്ഷ ഫീസ് അടവാക്കൽ- കൈപ്പറ്റ് രസീത് ലഭ്യമല്ല

വികസന ഫണ്ടിൽ നിന്നും 1,00,000/- രൂപയും ഗുണഭോക്തൃ വിഹിതം 85,000 രൂപയും വകയിരുത്തി തുല്യത പരീക്ഷക്ക് ഫീസ് അടവാക്കൽ എന്ന പേരിൽ പ്രോജക്റ്റ് (നമ്പർ -134/18)തയ്യാറാക്കിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ 23-03-18 -ലെ 7/17-18 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 48,000 രൂപയും 15-03-18 -ലെ 5463754 നമ്പർ ചെക്ക് പ്രകാരമുള്ള 40,800/- (ഗുണഭോക്തൃ വിഹിതം) രൂപയും ചേർത്ത് ആകെ 88,800/- രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ പേരിൽ നൽകിയിട്ടുണ്ട്.

അക്കൗണ്ടിലേക്ക് തുക നേരിട്ട് അടവാക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക അടവാക്കിയത് സംബന്ധിച്ച രേഖകളുടെ കോപ്പി സഹിതം കൈപ്പറ്റ് രസീതി ലഭിക്കുന്നതിനായി സാക്ഷരത മിഷനിൽ പ്രത്യേകം കത്ത് നൽകേണ്ടതാണെന്ന് ജില്ലാ സാക്ഷരത മിഷൻ കോ-ഓർഡിനേറ്ററുടെ 08-03-18 -ലെ സി 3/XEP/300/DLM/18 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരം അപേക്ഷിച്ച് രസീത് വാങ്ങിയിട്ടില്ല.

തുകയുടെ കൈപ്പറ്റ് രസീത് പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 28-12-18 – ന് നൽകിയ 3 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രസീത് ലഭ്യമാക്കാൻ അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്.ആയത് വരെ ചെലവ് തുക 88,800 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-15 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകൽ- പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല

എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനായി വികസന ഫണ്ട്(എസ്.സി.പി) യിൽ നിന്നും 50,000 രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജകറ്റ് നമ്പർ-123/18 – ന്റെ ഭാഗമായി 26-02-18 -ലെ 5/17-18 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 36,745 രൂപ, ഫർണ്ണിച്ചർ വിതരണം ചെയ്ത ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ സ്റ്റീൽ ടേബിൾ, കസേര എന്നിവ 10 എസ്.സി വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

2017-18 -ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (03-04-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) 80/2017 /ത.സ്വ.ഭ.വ ) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകാവുന്നതാണെങ്കിലും ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല.വകുപ്പിൽ നിന്ന് നൽകിയിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കാതെ ജി.എം.യു.പി.എസിലെ വിദ്യാർത്ഥിനി സയനക്ക് ഫർണ്ണിച്ചർ നൽകിയിട്ടുണ്ട്.

ആയത് പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 28-12-18 -ന് നൽകിയ 5 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിനോട് മേൽ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിന് മുമ്പ് തന്നെ ഇത്തരം രേഖകൾ ഗുണഭോക്താവിന്റെ കയ്യിൽ നിന്നും വാങ്ങി വെക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്. ആയതിനാൽ മേൽ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 3675 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 അംഗനവാടി പോഷകാഹാരം പദ്ധതി - അപാകതകൾ

പ്രൊജക്ട് നം. : S0003/18

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് അംഗനവാടി പോഷകാഹാരം പദ്ധതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഭരണസമിതിയുടെ 22.05.17-ലെ യോഗത്തിൽ മോങ്ങം മാവേലി സ്റ്റോറിൽ നിന്നും അംഗനവാടി പോഷകാഹാരം പദ്ധതിക്കായി ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ തീരുമാനിച്ചിരുന്നു (9-ാം നം. പ്രകാരം). എന്നാൽ ഇതിന് വിരുദ്ധമായി ചേലേമ്പ്രയിലുള്ള മലബാർ അഗ്രികൾച്ചറൽ & ജനറൽ മാർക്കറ്റിംഗ് എന്ന പേരിലുള്ള സഹകരണ സ്ഥാപനത്തിൽ നിന്നും 19.05.17, 14.07.17, 28.09.17 എന്നീ തീയ്യതികളിൽ നുറുക്ക് ഗോതമ്പ്, റാഗിപ്പൊടി തുടങ്ങിയവ വലിയ അളവിൽ വാങ്ങിയതായി കാണുന്നു. 23.12.17-ലെ ഭരണസമിതിയുടെ 9-ാം നം. തീരുമാന പ്രകാരമാണ് മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയതായി കാണുന്നത്. 04.12.17-നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നത്. ഭരണസമിതി തീരുമാനത്തിന് വിരുദ്ധമായി 12/17 വരെ മലബാർ അഗ്രികൾച്ചറൽ സൊസൈറ്റിയിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 21/07.01.2019-നുള്ള മറുപടിയിൽ 22.05.17-ലെ യോഗതീരുമാനം, 08.12.17-നാണ് രേഖാമൂലം ലഭിച്ചിട്ടുള്ളത് എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്.

2. 04.05.2011 ലെ സർക്കുലർ 54814/ഡി.സി 2/10/ത.സ്വ.ഭ.വ പ്രകാരം അംഗനവാടി പോഷകാഹാരം പദ്ധതിക്കായി മാവേലി സ്റ്റോറുകൾ ഈടാക്കുന്നതിലും കുറഞ്ഞ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ നൽകാൻ പ്രാദേശികമായ സഹകരണ സംഘങ്ങൾ തയ്യാറാണെങ്കിൽ അവയിൽ നിന്നും ഗ്രാമപഞ്ചായത്തിന് വാങ്ങാൻ തീരുമാനമെടുക്കാവുന്നതാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിച്ച താരതമ്യപത്രികയിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില, മാവേലി സ്റ്റോറുകളിൽ നിന്നുള്ളതിലും കുറവായിട്ടാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ താരതമ്യ പത്രികയിൽ കാണിച്ചിരിക്കുന്ന തുക സിവിൽ സപ്ലൈസ് വ്യക്തിഗത ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതാണ്. ഐ.സി.ഡി.എസ് പദ്ധതിക്കായി ഇതിലും കുറഞ്ഞ വിലക്കാണ് സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകൾ / സപ്ലൈക്കോ സൂപ്പർമാർക്കറ്റുകൾ വഴി ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത്. ഇത് 04.05.2011 ലെ സർക്കുലർ 54814/ഡി.സി 2/10/ത.സ്വ.ഭ.വ എന്നതിന്റെ ലംഘനമാണ്.

അംഗനവാടികളിലേക്ക് വാങ്ങിയ ഗോതമ്പ് നുറുക്ക്, റാഗിപ്പൊടി എന്നീ സാധനങ്ങളുടെ വിലകളിലാണ് വ്യത്യാസം വന്നിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. (സിവിൽ സപ്ലൈസ് വിതരണം ചെയ്യുന്നത് സ്വാമീസ് ബ്രാൻഡിലുള്ള ഭക്ഷ്യവസ്തുക്കളാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിച്ച താരതമ്യപത്രികയിലും ഇതേ ബ്രാൻഡ് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്)

ഗോതമ്പ് നുറുക്ക്

| ക്രമ നം. | ബിൽ നം. | തീയ്യതി | ട്രഷറി ബിൽ / ചെക്ക് നം., തീയ്യതി | സൊസൈറ്റി ഈടാക്കിയ നിരക്ക് (per kg) | സിവിൽ സപ്ലൈസ് നിരക്ക് (per kg) | നിരക്കിലുള്ള വ്യത്യാസം | വാങ്ങിയ അളവ് (in kg) | ആകെ തുകയിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 01 | 19.05.17 | 02/17-18, 22.07.17 | 56 | 42.56 | 13.44 | 500 | 6720 |
| 2 | 01 | 14.07.17 | 02/17-18, 22.07.17 | 56 | 42.56 | 13.44 | 7250 | 97,440 |
| 3 | 13 | 28.09.17 | 09/17-18, 20.10.17 | 60 | 42.56 | 17.44 | 3900 | 68,016 |
| 4 | 12 | 28.09.17 | 08/17-18, 20.10.17 | 60 | 42.56 | 17.44 | 1500 | 26,160 |
| | | | | | | | ആകെ | 1,98,336 |

റാഗിപ്പൊടി

| ക്രമ നം. | ബിൽ നം. | തീയ്യതി | ട്രഷറി ബിൽ / ചെക്ക് നം., തീയ്യതി | സൊസൈറ്റി ഈടാക്കിയ നിരക്ക് (per kg) | സിവിൽ സപ്ലൈസ് നിരക്ക് (per kg) | നിരക്കിലുള്ള വ്യത്യാസം | വാങ്ങിയ അളവ് (in kg) | ആകെ തുകയിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 01 | 19.05.17 | 02/17-18, 22.07.17 | 70.83 | 57.95 | 12.88 | 89 | 1146.32 |
| 2 | 01 | 14.07.17 | 02/17-18, 22.07.17 | 73 | 57.95 | 15.05 | 48 | 722.4 |
| 3 | 13 | 28.09.17 | 09/17-18, 20.10.17 | 76 | 57.95 | 18.05 | 174 | 3140.7 |
| 4 | 34 | 12.03.18 | 5463761, 25.03.18 | 78 | 57.95 | 20.05 | 146 | 2927.3 |
| | | | | | | | ആകെ | 7937 |

പട്ടികയിൽ സൂചിപ്പിച്ച പോലെ ഗോതമ്പു നുറുക്ക്, റാഗിപ്പൊടി എന്നിവ വാങ്ങിയതിൽ പഞ്ചായത്തിന് 2,06,273/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ട തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

3. 30.12.17-ന് മാവേലി സ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയതായി കാണുന്നു (ബിൽ നം. 17694 തീ. 30.12.17). സാധനങ്ങൾ ഇറക്കുന്നതിനായി അഷ്റഫ് എന്ന വ്യക്തിക്ക് കിലോക്ക് രണ്ടു രൂപ നിരക്കിൽ മൊത്തം 45,854/- രൂപ നൽകിയതായി കാണുന്നു. എന്നാൽ ഇതിന് ക്വട്ടേഷൻ വിളിച്ചതിന്റെയോ അല്ലെങ്കിൽ പുതുക്കിയതിന്റെയോ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. അംഗനവാടികളിലേക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ഇറക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കേണ്ടതായിരുന്നു. ഇങ്ങനെ ചെയ്യാത്തത് നടപടിക്രമങ്ങളിലെ ഗുരുതരമായ വീഴ്ചയാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്<br>-ടി-<br>-ടി-<br>മലപ്പുറം ജില്ലാ പഞ്ചായത്ത്<br>-ടി-<br>-ടി- | 2017-18<br>-ടി-<br>-ടി-<br>-ടി-<br>-ടി-<br>-ടി- | 1,06,250<br>52,500<br>1,00,000<br>1,06,250<br>36,000<br>3,00,000 | നെൽകൃഷിക്ക് വിത്ത്,ജൈവവളം, കൂലിച്ചെലവ്<br>പച്ചക്കറികൃഷിക്ക്<br>ജൈവവളം, കൂലിച്ചെലവ്<br>ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br>നെൽകൃഷിക്ക് വിത്ത്,ജൈവവളം, കൂലിച്ചെലവ്<br>സബ്സിഡി<br>പാലിന് സബ്സിഡി<br>ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,06,250<br>52,500<br>1,00,000<br>1,06,250<br>4895<br>2,99,591 | 0<br>0<br>0<br>0<br>31105<br>409 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻ വർഷം നിക്ഷേപിച്ച തുക | 1016918 |
| ആകെ | 1016918 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1016918 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| 245832(കേരള ഗ്രാമീൺ ബാങ്ക്, മൊറയൂർ) | 1016918 | 245832/31-03-18 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19100രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-8 | 19100 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 117040110215/29-01-18<br>117040110216/29-01-18<br>117040110217/29-01-18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 88757650 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56096381 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,17,379 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 92,475 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11,106 | ശ്രീമതി. ദേവിക സി പി, അസി. എഞ്ചിനീയർ |
| 3-16 | | 2,06,273 | ശ്രീമതി. രമണി കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 2,17,379 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-14 | 88,800 | ശ്രീ. അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ |
| 3-15 | 3675 | ശ്രീ. അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ |
| ആകെ | 92,475 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ദേവിക. സി. പി | മൊറയൂർ ഗ്രാമപഞ്ചായത്തിൽ താൽക്കാലിക ചുമതല ആയിരുന്നു. നിലവിൽ ഉദ്യോഗത്തിൽ ഇല്ല. | മേലേകരിക്കം, മൈലോട് പി.ഒ., പൂയ്യപ്പള്ളി, കൊല്ലം – 691537 |
| ശ്രീമതി. രമണി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കൊണ്ടോട്ടി നഗരസഭ | ചെറൂത്ത് വീട്, പുളിക്കൽ പി.ഒ, കൊണ്ടോട്ടി മലപ്പുറം ജില്ല, 673638 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 85-86 | എൽ എഫ് എം 7/936/97 തിയ്യതി 23.10.10 | 2 | |
| 86-87<br>87-88 | എൽ എഫ് എം7/937/97 തിയ്യതി 23.10.10 | 5 | |
| 90-91 | എൽ എഫ് എം10/229/95 തിയ്യതി 23.10.10 | 10 | |
| 91-92 | എൽ എഫ് എം10/606/93 തിയ്യതി<br>23.10.10 | 12 | |
| 94-95<br>95-96 | എൽ എഫ് എം14/561/13 | 10 | |
| 97-98 | എൽ എഫ് എം14/1600/03 തിയ്യതി 23.10.10 | 14 | |
| 98-99 | എൽ എഫ് എം17/514/03 തിയ്യതി 23.10.10 | 19 | |
| 99-00 | എൽ എഫ് എം17/1279/03 തിയ്യതി 23.10.10 | 22 | |
| 00-01 | എൽ എഫ് എം17/417/05 തിയ്യതി 23.10.10 | 29 | |
| 01-02 | എൽ എഫ് എം17/199/05 | 7 | |
| 02-03 | എൽ എഫ് എം8/2451/07 തിയ്യതി 23.10.10 | 4 | |
| 03-04 | എൽ എഫ് എം8/2452/07 തിയ്യതി23.10.10 | 5 | |
| 04-05 | എൽ എഫ് എം10/2153/08 തിയ്യതി<br>6.7.09 | 4 | |
| 05-06 | എൽ എഫ് എം10/565/10 തിയ്യതി<br>3.6.10/5.1/11 | 4 | |
| 06-07 | എൽ എഫ് എം10/566/10 തിയ്യതി<br>3.6.10/5.1/11 | 8 | |
| 07-08 | എൽ എഫ് എം14/1450/10 തിയ്യതി<br>11.11.10/26.4.11 | 22 | |
| 08-09<br>09-10 | എൽ എഫ് എം14/1450/10 തിയ്യതി<br>11.11.10/26.4.11 | 28 | |
| 11-12<br>12-13 | എൽ എഫ് എം11/225/15 തിയ്യതി<br>30.3 15 | 14 | |
| 13-14<br>14-15 | കെ എസ് എ എം പി എം 11/2013/16 തിയ്യതി .9.8.16 | 15 | |

| | | | |
|---|---|---|---|
| 2015-16 | കെ എസ് എ എം പി എം 11/3020/2016 തിയ്യതി തീയതി. 25/01/2017 | 6 | |
| 2016-17 | കെ.എസ്.എ.എം.പി.എം.22/1827/2017<br>തീയതി: 23-08-17 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.22/50/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 28-01-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്